"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാർലമെന്ററികാര്യ വകുപ്പ് - പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ഗ്രാന്റ് ഇൻ-എയ്ഡ് - **2025-26** ലെ ആറാം ഗഡു വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**11/2026/PAD** തീയതി,തിരുവനന്തപുരം, **10-03-2026**

---

പരാമർശം:-
1. സ.ഉ(സാധാ)നം.**23/2025**/പി.എ.ഡി തീയതി **28/04/2025.**
2. സ.ഉ(സാധാ)നം.**35/2025**/പി.എ.ഡി തീയതി **02/07/2025.**
3. സ.ഉ(സാധാ)നം.**50/2025**/പി.എ.ഡി തീയതി **24/09/2025.**
4. സ.ഉ(സാധാ)നം.**63/2025**/പി.എ.ഡി തീയതി **19/12/2025.**
5. സ.ഉ(സാധാ)നം.**5/2026**/പി.എ.ഡി തീയതി **24/01/2026.**
6. സ.ഉ(സാധാ)നം.**530/2026**/ധന തീയതി **19/01/2026.**
7. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറലിന്റെ **06/02/2026** തീയതിയിലെ **705**/ഐ.എൻ.പി.എ/**2025** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനായി **2025-26** സാമ്പത്തിക വർഷം ശമ്പളയിനത്തിൽ **"2052-00-188-99-00-31-GIA"** എന്ന ശീർഷകത്തിൽ **35,54,000/-** രൂപയും (മുപ്പത്തഞ്ച് ലക്ഷത്തി അൻപത്തിനാലായിരം രൂപ മാത്രം) ശമ്പളേതരയിനത്തിൽ **"2052-00-188-99-00-36- GIA"** എന്ന ശീർഷകത്തിൽ **71,50,000/-**രൂപയും (എഴുപത്തിയൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശമ്പളേതര ശീർഷകത്തിൽ നിന്നും ശമ്പള ശീർഷകത്തിലേയ്ക്ക് **18.6** ലക്ഷം രൂപ ധന പുനർ വിനിയോഗം ചെയ്ത് പരാമർശം ആറ് പ്രകാരം ഉത്തരവായിട്ടുണ്ട്.

2) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള **2025-26** സാമ്പത്തിക വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ ഒന്നാം ഗഡുവായി ശമ്പളയിനത്തിൽ **10** ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ **5** ലക്ഷം രൂപയും, രണ്ടാം ഗഡുവായി ശമ്പളയിനത്തിൽ **10** ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ **10** ലക്ഷം രൂപയും മൂന്നാം ഗഡുവായി ശമ്പളയിനത്തിൽ **10** ലക്ഷം രൂപയും നാലാം ഗഡുവായി

ശമ്പളയിനത്തിൽ 2.9 ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ 5 ലക്ഷം രൂപയും അഞ്ചാം ഗഡുവായി ശമ്പളയിനത്തിൽ 18.6 ലക്ഷം രൂപയും യഥാക്രമം പരാമർശം ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് പ്രകാരം അനുവദിച്ചിരുന്നു.

3) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റ്- ഇൻ - എയ്ഡിന്റെ ആറാം ഗഡുവായി ശമ്പളയിനത്തിൽ 5,07,048/- രൂപയും ശമ്പളേതരയിനത്തിൽ 30,46,952/- രൂപയും അനുവദിച്ചു നൽകാൻ അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം ഏഴ് പ്രകാരം ആവശ്യമായ രേഖകൾ സഹിതം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റൂട്ട് ഡയറക്ടർ ജനറൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2025-26 സാമ്പത്തിക വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ ആറാം ഗഡുവായി ശമ്പളേതര ഇനത്തിൽ "2052-00-188-99-00-36- Grant in Aid General Non Salary" എന്ന ശീർഷകത്തിൽ നിന്നും **5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ERSHAD M S
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ ജനറൽ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റൂട്ട്, തിരുവനന്തപുരം.
2. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം (യഥാർത്ഥ ബില്ലുകൾ സഹിതം).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (03/03/2026 തീയതിയിലെ 3122078:വ്യയം-ബി3/153/2025-ധന പ്രകാരം).
6. ധനകാര്യ (ജി.ഐ.എം.സി) വകുപ്പ്.
7. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreeja J K
Date: 11-03-2026 10:19:14
സെക്ഷൻ ഓഫീസർ